# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3464.

11-12-2018 ൽ മറുപടിയ്ക്ക്

## തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.സജി ചെറിയാൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ ഡിവിഷനിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുന്നതിന് 2018-19 ബഡ്ജറ്റ് വിഭാവന ചെയ്തിരുന്നോ; | (എ) | 2018-19 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാനത്തെ 2878 ഹെക്ടർ തരിശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിനു ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഡിവിഷനിലെ തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള കരട് റിപ്പോർട്ട് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | വകുപ്പ് തലത്തിൽ തരിശ് നിലങ്ങൾ ഉപയോഗപ്രദമാക്കാവുന്നവയുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>ആല പഞ്ചായത്തിലെ മാമ്പ്ര വടക്ക് പാടശേഖരത്തിൽ 6 ഹെക്ടറും, മാമ്പ്ര തെക്ക് പാടശേഖരത്തിൽ 9 ഹെക്ടറും, ചാലും പാടം പാടശേഖരത്തിൽ 55 ഹെക്ടറും, കണ്ണമ്പള്ളി പാടശേഖരത്തിൽ 20 ഹെക്ടറും ചേർന്ന് ആകെ 90 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള നെൽ വിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.<br>ബുധനൂർ പഞ്ചായത്തിൽ പുതുശ്ശേരിക്കുഴി വട്ടപ്പറം പാടശേഖരത്തിൽ 0.4 ഹെക്ടറും, ചെറുതോട് പാടശേഖരത്തിൽ 3.88 ഹെക്ടറും ഏഴുമുറം കീറ്റുകോണം പാടശേഖരത്തിൽ 7.6 ഹെക്ടറും, കരിക്കോണം പാടശേഖരത്തിൽ 10.4 ഹെക്ടറും, പടനിലം പാടശേഖരത്തിൽ 2 ഹെക്ടറും, കലായിക്കൽ പാടശേഖരത്തിൽ 0.8 ഹെക്ടറും, പച്ചിലവേലി പാടശേഖരത്തിൽ 2.12 ഹെക്ടറും ചേർന്ന് ആകെ 27.20 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിനുള്ള നെൽ വിത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ചെറിയനാട് പഞ്ചായത്തിലെ പൂമാട്ടിൽ പാടശേഖരത്തിൽ 30 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നു.<br>പാണ്ടനാട് പഞ്ചായത്തിലെ കീഴ്വമ്പഴി പാടശേഖരത്തിൽ 3.3 ഹെക്ടറും, ചിറക്കുഴി പാടശേഖരത്തിൽ 0.8 ഹെക്ടറും, കിളിയന്തറ പാടശേഖരത്തിൽ 0.64 ഹെക്ടറും, വെള്ളൂപ്പടവ് പാടശേഖരത്തിൽ 17.4 ഹെക്ടറും, വെള്ളൂപ്പടവ് പുഞ്ച പാടശേഖരത്തിൽ 2 ഹെക്ടറും ചേർന്ന് ആകെ 24.14 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാടശേഖരം കൃഷി ചെയ്തുവെങ്കിലും നശിച്ചുപോയി. വീണ്ടും കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനുള്ള നെൽ വിത്ത് വിതരണം ചെയ്തിട്ടുണ്ട്.<br>പുലിയൂർ പഞ്ചായത്തിൽ കരിപ്പുറം കീഴ്ച്ചേരിമേൽ പാടശേഖരത്തിൽ 25 ഹെക്ടറും, പടനിലം പാടശേഖരത്തിൽ 3 ഹെക്ടറും, ചിറ്റാറ്റുവയൽ പാടശേഖരത്തിൽ 4 ഹെക്ടറും, നരച്ചമുട്ടം പാടശേഖരത്തിൽ 3 ഹെക്ടറും, പുലിയൂർ ആല പാടശേഖരത്തിൽ 20 ഹെക്ടറും, ചേർന്ന് ആകെ 55 ഹെക്ടർ തരിശുനിലം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നെൽ വിത്ത് വിതരണം ചെയ്തിട്ടുണ്ട്. പുലിയൂർ പഞ്ചായത്തിലെ നരച്ചമുട്ടം, വടപ്പുറം, പൂവണ്ണാമുറി, ചിറ്റാറ്റുവയൽ, പടനിലം എന്നീ പാടങ്ങളിൽ വെള്ളം ഒഴിഞ്ഞു പോയിട്ടില്ലാത്തതിനാൽ കൃഷിയിറക്കാൻ സാധിക്കാതെ കിടക്കുന്നു.<br>മാന്നാർ പഞ്ചായത്തിൽ മാറകം പാടശേഖരത്തിൽ 15 ഹെക്ടറും, കോയിക്കൽ പള്ളം പാടശേഖരത്തിൽ 12 ഹെക്ടറും ചേർന്ന് ആകെ 27 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രകാരം തരിശുകൃഷി നടപ്പാക്കുന്നു. ഈ കൃഷിക്ക് സൗജന്യമായി നെൽവിത്ത് നൽകി. ജനകീയാസൂത്രണ പദ്ധതിയിൽ പെടുത്തി റാമ്പ് പണിയുന്നു.<br>മുളക്കുഴ പഞ്ചായത്തിൽ പൂക്കച്ചാൽ പാടശേഖരത്തിൽ 20 ഹെക്ടർ സ്ഥലത്ത് പദ്ധതി പ്രകാരം തരിശുകൃഷി ചെയ്യുന്നു.<br>തിരുവൻവണ്ടൂർ പഞ്ചായത്തിൽ ഉമയാറ്റുകര പാടശേഖരത്തിൽ 0.8 ഹെക്ടർ തരിശുനിലത്ത് പദ്ധതി പ്രകാരം കൃഷി ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | വെണ്മണി പഞ്ചായത്തിൽ വിവിധ പാടശേഖരങ്ങളിലായി 10 ഹെക്ടർ പാടത്ത് പദ്ധതി പ്രകാരം തരിശുകൃഷി ചെയ്യുന്നതിനു വിത്ത് നൽകും.<br>ഇപ്രകാരം ഒൻപത് പഞ്ചായത്തുകളിലെ 31 പാടശേഖരങ്ങളിലായി 284.14 ഹെക്ടർ ദീർഘകാലം തരിശുകിടന്നിരുന്ന നെൽ വയൽ കൃഷി യോഗ്യമാക്കുന്നു. |
| (സി) | കൃഷിവകുപ്പും എഞ്ചിനീയറിംഗ് വിഭാഗവും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (സി) & (ഡി) | കൃഷി വകുപ്പും എഞ്ചിനീയറിങ് വിഭാഗവും ചേർന്ന് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക യോഗം നടന്നിരുന്നു. എന്നാൽ തുടർന്ന് പ്രളയമുണ്ടാവുകയും പ്രളയബാധിത പ്രദേശങ്ങൾ കൃഷി യോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടിവരികയും ചെയ്തതിനാൽ തുടർ പ്രവർത്തനങ്ങൾ നടന്നില്ല.<br>അടുത്ത രണ്ടു വർഷങ്ങളിലേക്ക് പ്രവർത്തനം നടക്കത്തക്കവണ്ണം കൃഷിഭവൻ തലത്തിൽ പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. |
| (ഡി) | പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സമയം നിശ്ചയിച്ചിട്ടുണ്ടോ? | | |

**സെക്ഷൻ ഓഫീസർ**